● നീക്കം വിദേശമദ്യലോബിയെ സഹായിക്കാൻ

# നീര: തൊഴിലാളികളുടെ എതിർപ്പ് മന്ത്രി മറച്ചുവച്ചു

കൊച്ചി: വിപണനസാധ്യതാ പഠനം നടത്താതെ നീര വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നീക്കം കള്ളുചെത്ത് വ്യവസായമേഖലയെ അപ്പാടെ നശിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളതാണെന്ന് കള്ളുചെത്ത് തൊഴിലാളി ഫെഡറേഷൻ (സിഐടിയു) പ്രസിഡന്റ് കെ എം സുധാകരൻ ആരോപിച്ചു. ഇതു സംബന്ധിച്ച യോഗത്തിൽ തൊഴിലാളി യൂണിയനുകളുടെ എതിർപ്പ് മറച്ചുവച്ച് മന്ത്രി കെ ബാബു ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചതായും അദ്ദേഹം പറഞ്ഞു.

പുതിയ ഉൽപ്പന്നം വിപണിയിൽ ഇറക്കുമ്പോൾ ലക്ഷ്യമിടുന്ന ഉപഭോക്താക്കളും വരുമാനവും തൊഴിൽസാധ്യതകളുമെല്ലാം കൃത്യമായി പരിശോധിക്കേണ്ടതുണ്ട്. ഇതിനായി പഠനം നടത്തേണ്ടതുമുണ്ട്. ഇതൊന്നും നടത്താതെ നീര ഉൽപ്പാദിപ്പിക്കുന്നത് കള്ളുവ്യവസായത്തെ സമ്പൂർണമായി തകർത്ത് വിദേശമദ്യ ലോബിയെ സഹായിക്കുന്നതിന്റെ ഭാഗമാണ്.

തെങ്ങിനുണ്ടാകുന്ന മാരകരോഗങ്ങൾക്ക് പ്രതിവിധി കണ്ടെത്താനാണ് സർക്കാർ ശാസ്ത്രജ്ഞരെ ചുമതലപ്പെടുത്തിയത്. ഇതുസംബന്ധിച്ച് യൂണിയനുകൾ ഉന്നയിച്ച ഒരു ചോദ്യത്തിനും ഇവർക്ക് വ്യക്തമായ ഉത്തരം നൽകാനായില്ല. മാരകരോഗങ്ങൾക്ക് ശമനവുമില്ല. കേന്ദ്രത്തിന്റെ ഇറക്കുമതിനയമാണ് നാളികേര കൃഷിക്കാരുടെ തകർച്ചയ്ക്ക് ആക്കംകൂട്ടിയത്. ഇത് മറച്ചുവച്ച് നീര ഉൽപ്പാദിപ്പിച്ചാൽ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടും എന്നു പറയുന്നത് അടിസ്ഥാനരഹിതമാണ്. ഇപ്പോൾ ചിലയിടങ്ങളിൽ കള്ളുഷാപ്പുകൾ പ്രവർത്തിക്കാത്തിടത്ത് നീര ഉൽപ്പാദനം ആരംഭിക്കുന്നത് കള്ളുചെത്ത് മേഖലയ്ക്കുതന്നെ ചരമക്കുറിപ്പ് എഴുതും. ഇക്കാര്യത്തിൽ യൂണിയനുകൾക്കുള്ള ആശങ്ക അകറ്റാൻ സർക്കാരിന് ബാധ്യതയുണ്ടെങ്കിലും അതു നിറവേറ്റിയിട്ടില്ലെന്നും സുധാകരൻ പ്രസ്താവനയിൽ പറഞ്ഞു.